# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1153 — 3.12.2015 -ൽ മറുപടിയ്ക്ക്

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.എ.പി.അബ്ദുളളക്കുട്ടി<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കിയിരുന്നോ ; വ്യക്തമാക്കാമോ ; | (എ) | നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ അസാപ് പ്രോഗ്രാമിന് 2012-13 വർഷത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി, ബിരുദ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. |
| (ബി) | ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | ഹയർ സെക്കണ്ടറി, ബിരുദ വിദ്യാർത്ഥികളുടെ റഗുലർ പഠനത്തോടൊപ്പം താൽപ്പര്യമുള്ള വ്യവസായ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവരസാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖലയിലെ പരിശീലനം എന്നിവ നൽകി വരുന്നു. ഇതിനകം 1074 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദമാക്കാമോ ? | (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു എംപവേർഡ് കമ്മിറ്റിയും, ജില്ലാതലത്തിൽ ഡിസ്ട്രിക്റ്റ് പ്രോഗ്രാം മാനേജർമാരും , സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ,എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലും, കോളേജുകളിലും പ്രൊഗ്രാം മാനേജർമാർ ചാർജ്ജ് വഹിക്കുന്ന നൈപുണ്യ വികസന കേന്ദ്രങ്ങളിലും ഇവർക്ക് ഭരണപരമായ നിർദ്ദേശങ്ങളും അംഗീകാരവും നൽകുന്നതിന് ഒരു അസാപ് സെക്രട്ടറിയേറ്റും പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ